**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ സപ്ലൈക്കോ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1976/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 16/09/2019

---

പരാമർശം:- 1. പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31/08/2018 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 15(8) നമ്പർ തീരുമാനം.

2. പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06/09/2018 ലെ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 25/07/2019 ലെ PAN/2048/2019-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ എളനാട് ടൗണിൽ സപ്ലൈക്കോ പ്രവർത്തിക്കുന്ന 12/60, 12/61, 12/62 എന്നീ 3 കെട്ടിടങ്ങളുടെ 18/02/2017 മുതലുള്ള വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് പരാമർശം (1) ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. ടി കെട്ടിടങ്ങളുടെ ആകെ പ്രതിമാസ വാടക അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) നിശ്ചയിച്ച പ്രകാരം 3699/- രൂപയാണ്. സപ്ലൈക്കോ തുടങ്ങിയകാലം മുതലുള്ള വാടക (18/02/2017 മുതൽ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ എളനാട് ടൗണിൽ സപ്ലൈക്കോ മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന 12/60, 12/61, 12/62 എന്നീ 3 കെട്ടിടങ്ങളുടെ 18/02/2017 മുതലുള്ള പ്രതിമാസ വാടക 3699/- രൂപ (മൂവായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി ഒൻപതു രൂപ മാത്രം) നിരക്കിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
പ്രസിഡന്റ്/സെക്രട്ടറി, പഴയന്നൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ